## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 357** **19.03.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്ന സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് അറിയിച്ചത്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-02-2013ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public - Private - Participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-02-2013-ൽ കത്തു നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ടോ ; ഇപ്പോഴത്തെ പ്രസരണ നഷ്ടം എത്ര ശതമാനമാണ് എന്നറിയിക്കുമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുന:സംഘടനാ പാക്കേജിലെ നിബന്ധന 2.6 പ്രകാരം പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രോത്സാഹന സഹായം നൽകാൻ താഴെ പറയുന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>R-APDRP -ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾക്കു പുറമേ അധികമായി |

സംരക്ഷിക്കപ്പെടുന്ന ഊർജ്ജത്തിന്റെ തത്തുല്യമായ തുക കണക്കാക്കി ആ തുക ധനസഹായമായി നൽകും എന്നാണ് പറഞ്ഞിരിക്കുന്നത്. R-APDRP മാനദണ്ഡങ്ങൾ പാലിക്കുന്ന പ്രകാരമാണ് ബോർഡിന് ഇതിനുള്ള അർഹത ലഭിക്കുന്നത്.

2011-12 സാമ്പത്തിക വർഷത്തെ താത്ക്കാലിക കണക്കുപ്രകാരമുള്ള പ്രസരണനഷ്ടം 15.65 ശതമാനമാണ്.

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിക്കുന്ന മറ്റ് സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാക്കേജ് പ്രകാരം 31.03.2012 വരെയുള്ള ബോർഡിന്റെ ഹ്രസ്വകാല ബാധ്യതയായ 2640.63 കോടി രൂപയുടെ 50% ആയ 1320.32 കോടി രൂപ കേരളാ ഗവൺമെന്റ് ഏറ്റെടുക്കേണ്ടതും തത്തുല്യ തുകയ്ക്ക് ഗ്യാരണ്ടിയുള്ള കടപ്പത്രങ്ങളായി പുറപ്പെടുവിക്കുന്നതുമായിരിക്കും. കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധിത നിബന്ധനകൾ പാലിക്കുന്ന പക്ഷം ഇതിന്റെ 25% കേന്ദ്ര ഗവൺമെന്റ് ഗ്രാൻറായി നൽകുന്നതായിരിക്കും. കൂടാതെ ബോർഡിന്റെ ബാക്കിയുള്ള ഹ്രസ്വകാല വായ്പകൾ ദീർഘകാല വായ്പകളായി മാറുകയും ചെയ്യും.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉൾപ്പെടെ ബോർഡിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരുമാനം എത്ര രൂപയായിരുന്നു ;

(ഇ) ഈ സാമ്പത്തിക വർഷം വൈദ്യുതി വാങ്ങാനും വികസന പ്രവർത്തനങ്ങൾക്കുമായി എത്ര രൂപ ചെലവഴിച്ചു ;

(എഫ്) ഈ സാമ്പത്തിക വർഷം ശമ്പളം - പെൻഷൻ - പലിശ എന്നിവയ്ക്ക് എത്ര രൂപ ചെലവഴിച്ചു ;

(ജി) മറ്റ് ഇനങ്ങളിലായി എത്ര രൂപാ ചെലവഴിച്ചു; വിശദമാക്കുമോ ;

(ഡി) (ഇ) (എഫ്) & (ജി) 2012-13 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

| | |
|---|---|
| (എച്ച്) ബോർഡിൻെറ ആസ്തി-ബാദ്ധ്യതകൾ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (എച്ച്) വൈദ്യുതി ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ആസ്തി-ബാദ്ധ്യതകൾ കണക്കാക്കുകയും കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിൻെറ ആഡിറ്റിനു വിധേയമാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യാറുണ്ട്. 2011-12-ലെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന ആസ്തി-ബാദ്ധ്യതാ പത്രത്തിൻെറ പകർപ്പ് അനുബന്ധം II ചേർക്കുന്നു. കോപ്പി ഇതോടൊപ്പം നൽകുന്നു. സംസ്ഥാന വൈദ്യുതി ബോർഡിൻെറ 31-03-2012-ലെ ആഡിറ്റ് ചെയ്യാത്ത താത്ക്കാലിക കണക്കുപ്രകാരം ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ 12073.79 കോടി രൂപയും ഇതുവരെയുള്ള തേയ്മാന ചെലവ് (ഡിപ്രീസിയേഷൻ) കഴിഞ്ഞുള്ള ഫിക്സഡ് അസറ്റുകളുടെ നെറ്റ് വാല്യൂ 6759.04 കോടി രൂപയുമാണ്. പ്രസ്തുത നെറ്റ് വാല്യൂവും നെറ്റ് കറണ്ട് അസറ്റും കൂടെ മൊത്തം ആസ്തി 11074.76 കോടി രൂപയാണ് (അനുബന്ധം II ) ബോർഡിൻെറ ബാധ്യത ഇപ്രകാരമാണ്. ക്യാപിറ്റൽ ലയബിലിറ്റീസ് 1356.34 കോടി രൂപയും വർക്കിംഗ് ക്യാപിറ്റലിനു വേണ്ടിയുള്ള ലോൺ 1114.49 കോടി രൂപയുമാണ്. മറ്റ് കറണ്ട് ലയബിലിറ്റീസ് 6281.89 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം - IX

297

Sectt 37. 3/66/2011/20 Lakh. GPM © Govt of Kerala

GOVERNMENT OF KERALA

**No. 8131/C1/12/PD**

**Powe(C) Department,**
**Thiruvananthapuram,**
**Dated 27 .02.2013.**

From

The Secretary to Government.

To

The Joint Secretary,
Ministry of Power,
Shram Shakthi Bhavan,
Rafi Marg, New Delhi - 110 001.

Sir,

Sub : - Scheme for Financial Restructuring of State Distribution Companies (Discoms) – Involvement of private sector in distribution- Regarding.

Ref : -1. Office Memorandum No. 20/11/2012 - APDRP dated 05-10-12 of Ministry of Power, Government of India.
2. Your D.O Letter No. 20/11/2012/APDRP dated 14-11-2012 addressed to the Secretary (Power), Government of Kerala
3. State Government Letter of even No. dated 17/12/2012

Kind attention is invited to the letter, 3rd cited, wherein the 'in principle' willingness of the State Government, to join the scheme for Financial Restructuring of State Distribution Companies was communicated. As regards compliance of the mandatory conditions of the scheme as contained in Part C of the Scheme, the Government at the level of the Council of Ministers have decided to intimate the Ministry of Power, Government of India that involvement of private sector in distribution sector through franchisee arrangements or public-private participation need not be allowed in the State. The said decision is communicated for your information.

( contd.....page 2 )

299



It is requested that the processing of application of the State Government for FRP may kindly be expedited.

Yours faithfully,

M.Sivasankar

***Secretary to Government.***

Section Officer

KERALA STATE ELECTRICITY BOARD

BALANCE SHEET AS AT 31st MARCH, 2012

(PROVISIONAL)

STATEMENT - 3

(Rupees in lakhs)

| Sl. No. | Particulars | As at 31st March This Year 2011-12 | | As at 31st March Previous Year 2010-11 |
|---|---|---|---|---|
| | **NET ASSETS** | | | |
| (a) | **Net Fixed Assets** | | | |
| 1 | Gross Block | 1207379.39 | | 1121090.31 |
| 2 | Less: Accumulated Depreciation | 531475.29 | | 484875.41 |
| 3 | **Net Fixed Assets (1 - 2)** | | 675,904.11 | 636,214.90 |
| 4 | Capital Expenditure in Progress | | 108864.40 | 97410.28 |
| 5 | Assets Not in Use | | - | - |
| 6 | Deferred Costs | | 5396.09 | 4838.20 |
| 7 | Intangible Assets | | 0.00 | 324.29 |
| 8 | Investments | | 1950.01 | 1950.01 |
| (b) | **Net Current Assets** | | | |
| 9 | Total Current Assets | 237215.13 | | 233036.09 |
| | Less: Total Current Liabilities | | | |
| 10 | Security Deposits from Consumers | 158397.29 | | 139230.55 |
| 11 | Other Current Liabilities | 469792.42 | | 439040.01 |
| 12 | Total Current Liabilities (10 + 11) | 628189.71 | | 578270.56 |
| 13 | **Net Current Assets (9 - 12)** | | (390974.59) | (345234.47) |
| 14 | Subsidies Receivable from Government | | 53306.29 | 57058.00 |
| 15 | Net Subsidy Netted off to be Written Off | | 120230.21 | 120230.21 |
| 16 | Regulatory Asset | | 532799.18 | 339385.85 |
| 17 | **NET ASSETS (3 to 8 + 13 + 14 to 16)** | | 1,107,475.70 | 912,177.27 |
| | **FINANCED BY** | | | |
| 18 | Borrowings for Working Capital | | 111448.66 | 31763.80 |
| 19 | Payments due on Capital Liabilities | | 0.00 | 0.00 |
| 20 | Capital Liabilities | | 135633.90 | 106650.24 |
| 21 | Funds from State Government | | 0.00 | 0.00 |
| 22 | Equity Capital | | 155300.00 | 155300.00 |
| 23 | Contributions, Grants and Subsidies towards Cost of Capital Assets | | 361861.35 | 330849.42 |
| 24 | Reserve and Reserve Funds | | 146470.88 | 114,924.40 |
| 25 | Surplus/(Deficit) | | 196760.91 | 172,689.41 |
| | **TOTAL FUNDS** | | 1,107,475.70 | 912,177.27 |

AS GEORGE IAS
CHAIRMAN

S.VENUGOPAL
MEMBER ( FINANCE )

BIJU.R FCA
Dy.CAO i/c of FINANCIAL ADVISER